**ശ്രദ്ധക്ഷണിക്കൽ**

## മാലിന്യനിർമാർജന പ്രവർത്തനങ്ങളുടെ ഏകോപനം

ശ്രീമതി യു. പ്രതിഭ: സർ, ....(ബഹളം...).....

മി. സ്പീക്കർ: (ബഹളം...) യെസ്... മാറിനിൽക്കൂ... മതി.... മതി... മാറിനിൽക്കൂ... യെസ്... യെസ്...

ശ്രീമതി യു. പ്രതിഭ: സർ, യാതൊരു വിഷയവുമില്ലാതെ കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള സമര ആഭാസങ്ങൾക്കാണ് നമ്മുടെ സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. (ബഹളം...) പ്രതിപക്ഷം ബി.ജെ.പി.-ക്കുവേണ്ടിയാണ് ജോലി ചെയ്യുന്നത്. കേന്ദ്ര-ഗവൺമെന്റ് ഒരു ബജറ്റ് അവതരിപ്പിച്ചു. ആ ബജറ്റിനെപ്പറ്റി ഒരക്ഷരംപോലും ചർച്ച ചെയ്യാതെ ഈ സഭയ്ക്കകത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പറഞ്ഞതുപോലെ പബ്ലിസിറ്റിക്കുവേണ്ടിയല്ലേ നാണംകെട്ട ഈ സമരം പ്രതിപക്ഷം സഭയ്ക്കകത്ത് കാണിക്കുന്നത്. കേരളത്തിലെ ഏറ്റവും ഗൗരവമായൊരു വിഷയത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒരു ദശാബ്ദക്കാലത്തോളം നീണ്ടുനിന്ന (ബഹളം...) എന്താണ് ഈ

കാണിക്കുന്നത്? (ബഹളം...)

മി. സ്പീക്കർ: (ബഹളം...) യെസ്... യെസ്.... ഓർഡർ... ഓർഡർ... താൽക്കാലികമായി സഭ വീണ്ടും നിർത്തിവയ്ക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ 10.08-ന് നിർത്തിവച്ചു.)